**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 164** **27-06-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മാനസികാരോഗ്യ കേന്ദ്രങ്ങളുടെ നിലവിലുള്ള സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ബഹു.മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പ് മന്ത്രിയും ഉന്നത തല യോഗങ്ങൾ വിളിച്ച് ചേർക്കുകയും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിയ്ക്കുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടിത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 21.06.2022 ലെ സ.ഉ (കൈ)നം.126/2022/ആ.ക.വ എന്ന ഉത്തരവ് പ്രകാരം കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ 2 ക്ലർക്ക്, 4 ഹോസ്പിറ്റൽ അറ്റൻഡന്റ്, 3 കുക്ക് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും വിഭാവനം ചെയ്തിട്ടുള്ള മാസ്റ്റർ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനു പുറമെ സെക്യൂരിറ്റി സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനും, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ 4 സെക്യൂരിറ്റി ജീവനക്കാരെ എൻ.എച്ച്.എം ഫണ്ട് വിനിയോഗിച്ച് താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കുക്ക് തസ്തികയിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്തേവാസികൾ ചാടിപ്പോകുന്ന സാഹചര്യത്തിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ചുറ്റ് മതിലിന്റെ ഉയരം 8 അടിയായി ഉയർത്തി Y ആകൃതിയിലുള്ള ബാർബീഡ് സ്ഥാപിച്ചിട്ടുണ്ട്. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-Iഎന്നീ തസ്തികകളിൽ ഉദ്യോഗക്കയറ്റം നടത്തിയും മറ്റ് സ്ഥാപനങ്ങളിൽ നിന്നും പുനർ വിന്യസിച്ചും മേൽ തസ്തികകളിലെ മുഴുവൻ ഒഴിവുകളും നികത്തിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ച സ്റ്റാഫ് നഴ്സുമാർ, ഹോസ്പിറ്റൽ അറ്റൻഡന്റുമാർ എന്നിവരുടെ, പുനർവിന്യാസം റദ്ദ് ചെയ്ത് തിരികെ കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് നിയമിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസൽ പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിലെ പരിമിതികൾ മൂലം അന്തേവാസികൾ ചാടിപ്പോകുന്നതായും ആത്മഹത്യ ചെയ്യുന്നതായും അവിടങ്ങളിൽ കൊലപാതകങ്ങൾ നടക്കുന്നതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മാനസികാരോഗ്യ കേന്ദ്രങ്ങളുടെ നിലവിലുള്ള സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ബഹു.മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പ് മന്ത്രിയും ഉന്നത തല യോഗങ്ങൾ വിളിച്ച് ചേർക്കുകയും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടിത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 21.06.2022 ലെ സ.ഉ (കൈ)നം.126/2022/ആ.ക.വ എന്ന ഉത്തരവ് പ്രകാരം കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ 2 ക്ലർക്ക്, 4 ഹോസ്പിറ്റൽ അറ്റൻഡന്റ്, 3 കുക്ക് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും വിഭാവനം ചെയ്തിട്ടുള്ള മാസ്റ്റർ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനു പുറമെ സെക്യൂരിറ്റി സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനും, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ 4 സെക്യൂരിറ്റി ജീവനക്കാരെ എൻ.എച്ച്.എം ഫണ്ട് വിനിയോഗിച്ച് താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കുക്ക് തസ്തികയിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്തേവാസികൾ ചാടിപ്പോകുന്ന സാഹചര്യത്തിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ചുറ്റ് മതിലിന്റെ ഉയരം 8 അടിയായി ഉയർത്തി Y ആകൃതിയിലുള്ള ബാർബീഡ് സ്ഥാപിച്ചിട്ടുണ്ട്. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-Iഎന്നീ തസ്തികകളിൽ ഉദ്യോഗക്കയറ്റം നടത്തിയും മറ്റു സ്ഥാപനങ്ങളിൽ നിന്നും പുനർ വിന്യസിച്ചും മേൽ തസ്തികകളിലെ മുഴുവൻ ഒഴിവുകളും നികത്തിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ച സ്റ്റാഫ് നഴ്സുമാർ, ഹോസ്പിറ്റൽ അറ്റൻഡന്റുമാർ എന്നിവരുടെ, പുനർവിന്യാസം റദ്ദ് ചെയ്ത് തിരികെ കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് നിയമിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസൽ പരിശോധനയിലാണ്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | മാനസികാരോഗ്യ കേന്ദ്രങ്ങളുടെ നിലവിലുള്ള സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ബഹു.മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പ് മന്ത്രിയും ഉന്നത തല യോഗങ്ങൾ വിളിച്ച് ചേർക്കുകയും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടിത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 21.06.2022 ലെ സ.ഉ (കൈ)നം.126/2022/ആ.ക.വ എന്ന ഉത്തരവ് പ്രകാരം കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ 2 ക്ലർക്ക്, 4 ഹോസ്പിറ്റൽ അറ്റൻഡന്റ്, 3 കുക്ക് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും വിഭാവനം ചെയ്തിട്ടുള്ള മാസ്റ്റർ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനു പുറമെ സെക്യൂരിറ്റി സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനും, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ 4 സെക്യൂരിറ്റി ജീവനക്കാരെ എൻ.എച്ച്.എം ഫണ്ട് വിനിയോഗിച്ച് താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കുക്ക് തസ്തികയിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്തേവാസികൾ ചാടിപ്പോകുന്ന സാഹചര്യത്തിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ചുറ്റ് മതിലിന്റെ ഉയരം 8 അടിയായി ഉയർത്തി Y ആകൃതിയിലുള്ള ബാർബീഡ് സ്ഥാപിച്ചിട്ടുണ്ട്. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-Iഎന്നീ തസ്തികകളിൽ ഉദ്യോഗക്കയറ്റം നടത്തിയും മറ്റു സ്ഥാപനങ്ങളിൽ നിന്നും പുനർ വിന്യസിച്ചും മേൽ തസ്തികകളിലെ മുഴുവൻ ഒഴിവുകളും നികത്തിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ച സ്റ്റാഫ് നഴ്സുമാർ, ഹോസ്പിറ്റൽ അറ്റൻഡന്റുമാർ എന്നിവരുടെ, പുനർവിന്യാസം റദ്ദ് ചെയ്ത് തിരികെ കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് നിയമിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ